I ഇ.ബി. XV -  കേരള നിയമസഭ/XI-10

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 27, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിലെ പ്രതിസന്ധി

മി. സ്പീക്കർ: ത്രിതല പഞ്ചായത്തുകളുടെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ തുക യഥാസമയം അനുവദിക്കാതെ സ്പിൽ ഓവറാക്കി തിരിച്ചുപിടിച്ചതും 2021-22 മുതലുള്ള സ്പിൽ ഓവർ തുക അനുവദിക്കാത്തതുംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി

പ്രവർത്തനം പ്രതിസന്ധിയിലായ ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ - എക്സൈസ്-പാലർമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ സമീപനംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ അവസാന ഗഡു അനുവദിച്ചത്. നിലവിൽ 20 ശതമാനം ക്യാരിഓവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ട്രഷറി ക്യൂവിലുള്ള തുക അല്ലെങ്കിൽ 20 ശതമാനം ക്യാരി ഓവർ എന്നിവയിൽ ഏതാണോ അധികമായത് അത് 2024-25 സാമ്പത്തിക വർഷം ക്യാരിഓവറായി അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു. നടപ്പ് സാമ്പത്തികവർഷം വികസന ഫണ്ടിന്റെ ആദ്യഗഡുവായി 1904 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റിന്റെ

ആദ്യഗഡുവായി 1377 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വർഷാവസാനം ട്രഷറിയിൽ ഏർപ്പെടുത്തേണ്ടിവന്നിട്ടുള്ള നിയന്ത്രണംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കൃത്യമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് വിവിധ തലങ്ങളിൽ സാങ്കേതിക സഹായം നൽകുന്നതോടൊപ്പം വികസന-ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പരിശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷാവസാനം അനുവദിച്ച ഗ്യാപ് ഫണ്ടായ 15 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടവിധം വിനിയോഗിക്കാൻ സാധിക്കാത്തതുകൊണ്ട് 2024 മേയ് മാസം പുനരനുവദിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷന്റെ ആദ്യവർഷം അനുവദിച്ച ഫണ്ടിൽ ബാക്കിവന്ന 339.88 കോടി രൂപയുടെ 50 ശതമാനവും (169.94 കോടി രൂപ) 2024-25 ഏപ്രിൽ-മേയ് മാസങ്ങളിലെ പൊതു അവശ്യഫണ്ടും (421.02 കോടി രൂപ) വികസന ഫണ്ടിന്റെ ഒരു ഗഡുവും (1904 കോടി രൂപ) സംരക്ഷണ ഫണ്ടിന്റെ ഒരു ഗഡുവും (1377.06 കോടി രൂപ) ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ജൂലൈ മാസത്തിൽ അനുവദിക്കേണ്ട രണ്ടാമത്തെ ഗഡു കൃത്യമായി നൽകും. ഇത്തരം നടപടികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടുള്ള ആത്മാർത്ഥ സമീപനം വ്യക്തമാക്കുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: പ്രാദേശിക സർക്കാരുകളുടെ അധികാരങ്ങൾ കവർന്നെടുക്കുകയും പദ്ധതി വിഹിതം യഥാസമയം നൽകാതെ വീർപ്പുമുട്ടിക്കുകയും ചെയ്യുന്ന അതീവ ഗൗരവതരമായ സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരികയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം യഥാസമയം ഫണ്ട് നൽകാതിരുന്നതിന്റെയും ട്രഷറി നിയന്ത്രണത്തിന്റെയും ഫലമായി ഒരു ഗഡു മാത്രമാണ് ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചത്. ജനറൽ പർപ്പസ് ഫണ്ടിന്റെ 2023-24-ലെ 6 ഗഡുക്കളിൽ ഒരു ഗഡുമാത്രമാണ് അനുവദിച്ചത്. തനത് ഫണ്ടിന്റെ അപര്യാപ്തതമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദൈനംദിന ചെലവുകൾക്ക് ബുദ്ധിമുട്ട് നേരിടുന്നുവെന്ന വസ്തുത സർക്കാർ ഗൗരവമായി കാണണം. സംസ്ഥാനത്തെ നിരവധി പഞ്ചായത്തുകളിൽ സെക്രട്ടറിമാരുൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവം നിലനിൽക്കുന്നുണ്ട്. മെയിന്റനൻസ് ഗ്രാന്റിന്റെ സ്പിൽ ഓവറും ഗഡുക്കളും അനുവദിച്ചാൽ മാത്രമേ ഈ സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾക്ക് അംഗീകാരം

ലഭ്യമാക്കി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. 2023-24 സാമ്പത്തിക വർഷം അനുവദിക്കാതിരുന്ന ജനറൽ പർപ്പസ് ഫണ്ടിന്റെ മൂന്ന് ഗഡുക്കളും മെയിന്റനൻസ് ഗ്രാന്റിന്റെ ഒരു ഗഡുവും 2024-25 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ടിന്റെ 2 ഗഡുക്കളും അടിയന്തരമായി അനുവദിക്കുന്നതിനും 2024-25-ലെ സ്പിൽ ഓവർ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനും നടപടി സ്വീകരിക്കണം. ക്യൂ ബില്ലുകൾക്കും സ്പിൽ ഓവർ പദ്ധതികൾക്കും തുക വകയിരുത്തേണ്ടതിനാൽ വാർഷിക പദ്ധതിയിൽ മേഖലാടിസ്ഥാനത്തിൽ ആവശ്യമായ തുക ലഭ്യമാക്കി അതിൽ ഇളവ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): എസ്.സി.പി./ടി.എസ്.പി. വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. തനത് വിഭവസമാഹരണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുപോകുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാരുടെ പ്രശ്നപരിഹാരത്തിനായി കമ്മീഷനെ നിയോഗിക്കൽ

ശ്രീ. പ്രമോദ് നാരായൺ: കേരളത്തിലെ തൊഴിൽ, സാമൂഹ്യ, സാമ്പത്തിക മണ്ഡലങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ട പരിവർത്തിത ക്രൈസ്തവരോടുള്ള സാമൂഹിക വിവേചനം അവസാനിപ്പിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണഘടന നൽകുന്ന ആനുകൂല്യങ്ങൾ പരിവർത്തിത ക്രൈസ്തവർക്കും ലഭ്യമാക്കണം. ജസ്റ്റിസ് രംഗനാഥ മിശ്ര കമ്മീഷൻ റിപ്പോർട്ടും കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ടും പരിഗണിച്ച് പരിവർത്തിത ക്രൈസ്തവരുടെ ജനസംഖ്യ

തിട്ടപ്പെടുത്തുകയും അതിനനുസരിച്ചുള്ള സംവരണം ലഭ്യമാക്കുകയും വേണം. പരിവർത്തിത ക്രൈസ്തവരുടെ സാമൂഹിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് സോഷ്യോ ഇക്കണോമിക് സർവ്വേ നടത്തുന്നതോടൊപ്പം ഇവർക്കായി 1980-ൽ ആരംഭിച്ച കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും വേണം. ഈ മേഖലയിലെ സാമൂഹ്യ വിദ്യാഭ്യാസ തൊഴിൽ പിന്നാക്കാവസ്ഥ പഠിക്കാൻ ഒരു കമ്മീഷനെ നിയമിച്ച് സമയബന്ധിതമായി ഈ പ്രശ്നത്തിന് പരിഹാരം കാണണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സംസ്ഥാന ഒ.ബി.സി. പട്ടികയിലുൾപ്പെടുന്ന സമുദായമാണ് പരിവർത്തിത ക്രൈസ്തവ വിഭാഗം. ഈ വിഭാഗത്തിന് കേന്ദ്രസർക്കാർ ഇതുവരെ പട്ടികജാതി പദവി ലഭ്യമാക്കിയിട്ടില്ല. എന്നാൽ മറ്റ് അർഹവിഭാഗം പട്ടികയിലുൾപ്പെടുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണ രീതിയിൽ ലഭ്യമാകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ സർവ്വീസിലുള്ള സംവരണത്തിൽ ക്ലാസ് 4 തസ്തികയിൽ രണ്ടുശതമാനവും മറ്റ് തസ്തികകളിൽ ഒരു ശതമാനവും സംവരണം അനുവദിച്ചുവരുന്നുണ്ട്. ജസ്റ്റിസ് കുമാരപിള്ള കമ്മീഷൻ

റിപ്പോർട്ട് പ്രകാരം സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുടെ പട്ടികയിലുൾപ്പെടുത്തി പരിവർത്തിത ക്രൈസ്തവർക്ക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ മേഖലയിലെ പ്രവേശനത്തിന് ഒരു ശതമാനവും പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് എസ്.ഐ.യു.സി. വിഭാഗങ്ങൾക്കൊപ്പം ഒരു ശതമാനം സംവരണവും നൽകിവരുന്നുണ്ട്. സ്കൂൾ-കോളേജ് പ്രവേശനത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റുകളിൽ പരിവർത്തിത ക്രൈസ്തവർ ഉൾപ്പെടുന്ന ഒ.ഇ.സി. വിഭാഗങ്ങൾക്ക് സംവരണം ലഭ്യമാക്കുന്നതോടൊപ്പം പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകളും അർഹതയ്ക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നുണ്ട്. ഇതിനുപുറമെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഒ.ഇ.സി. വിഭാഗങ്ങൾക്കായി നടത്തുന്ന എല്ലാ പദ്ധതികളും പരിവർത്തിത ക്രൈസ്തവർക്ക് കൂടി ബാധകമാക്കുന്നുണ്ട്. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം മുഖേന പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും ലഭിക്കുന്നുണ്ട്. പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ

ചുമതലപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. റാന്നി മണ്ഡലത്തിൽ പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (2) അങ്കമാലി-ശബരി റെയിൽപാത

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: അങ്കമാലി-ശബരി റെയിൽപാത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സംസ്ഥാന ബജറ്റിൽനിന്ന് തുക അനുവദിച്ചോ കെ.ആർ.ഡി.സി.എൽ. വഴി വായ്പയെടുത്തോ ഫണ്ട് കണ്ടെത്തി പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണചെലവിന്റെ 50 ശതമാനം സംസ്ഥാനം വഹിക്കുന്നത് സംബന്ധിച്ച് റെയിൽവേയ്ക്ക് റീ-അഷ്വറൻസ് കത്ത് നൽകാനും നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): അങ്കമാലി-എരുമേലി-ശബരി റെയിൽപാത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തണമെന്ന് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ കേന്ദ്രത്തോട് ആവർത്തിച്ച് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട

നടപടികൾ സ്വീകരിക്കാൻ റെയിൽവേ തയ്യാറായിട്ടുണ്ട്. ടി പദ്ധതിക്കായി കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലിഡാർ സർവ്വെ നടത്തുകയും റിവൈസ്ഡ് എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം റെയിൽവേയ്ക്ക് സമർപ്പിക്കുകയും എസ്റ്റിമേറ്റ് അംഗീകരിച്ച് തുടർനടപടികൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വിശദമായ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

## III സബ്മിഷൻ

### (1) ടി. പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്കുള്ള ശിക്ഷയിളവ്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ഹൈക്കോടതി ഉത്തരവ് മറികടന്നും ഗവൺമെന്റ് ഉത്തരവിലൂടെ ജയിൽ നിയമങ്ങളിൽ മാറ്റംവരുത്തിയും ടി. പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്ക് ശിക്ഷയിളവ് അനുവദിക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും ഇതുമായി

ബന്ധപ്പെട്ട് പോലീസ് ശ്രീമതി കെ. കെ. രമയുടെ മൊഴിയെടുത്തതെന്തിനാണെന്ന് വ്യക്തമാക്കുകയും ചെയ്യണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ- എക്സൈസ്-പാലർമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ശിക്ഷയിളവ്/അകാലവിടുതൽ നൽകാൻ പരിഗണിക്കേണ്ട ജയിൽ തടവുകാരുടെ പട്ടിക ജയിൽ മേധാവി സർക്കാരിന് ലഭ്യമാക്കിയിരുന്നു. പട്ടികയിൽ അനർഹർ ഉൾപ്പെട്ടതായി കണ്ടെത്തിയതിനാൽ മാനദണ്ഡങ്ങൾ പാലിച്ച് പുതുക്കിയ പട്ടിക സമർപ്പിക്കാൻ ആഭ്യന്തര അഡീഷണൽ സെക്രട്ടറി ജയിൽ മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ശിക്ഷയിളവിന് പരിഗണിക്കുന്ന തടവുകാരുടെ വിവരങ്ങളാരാഞ്ഞ് കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് ജില്ലാ പോലീസ് മേധാവിക്ക് നൽകിയ കത്തും ജയിൽ സൂപ്രണ്ടിന്റെ വിശദീകരണവും മാധ്യമങ്ങൾക്ക് ലഭിച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. തെറ്റായ പട്ടിക തയ്യാറാക്കി പോലീസ് റിപ്പോർട്ട് തേടിയതിന് കാരണക്കാരായ ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ്

ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ശിക്ഷയിളവ് നൽകുന്നതിനുള്ള തടവുകാരുടെ പുതുക്കിയ പട്ടിക സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ കേസിലെ തടവുകാർക്ക് ശിക്ഷയിളവ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. നോട്ടീസിൽ സൂചിപ്പിക്കാതെ ഇവിടെ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾക്ക് പരിശോധിക്കാതെ മറുപടി പറയാൻ സാധിക്കില്ല.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

(2) <u>പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള വ്യവസ്ഥകൾ</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: പട്ടയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതുമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അവകാശം കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പട്ടയം ലഭിച്ചശേഷം പ്രസ്തുത ഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ വൃക്ഷങ്ങളുടെ അവകാശം കർഷകർക്കുതന്നെ ലഭിക്കണമെന്നതാണ് സർക്കാർ നയം. സ്വകാര്യ ഭൂമിയിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന്

ഉടമസ്ഥനുള്ള എല്ലാ അവകാശങ്ങളും പട്ടയം ലഭിച്ചശേഷം പട്ടയ ഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പട്ടയം ലഭിച്ചയാളിനുമുണ്ടായിരിക്കുമെന്ന് വ്യക്തത വരുത്തുന്നതിനുള്ള ചട്ട ഭേദഗതി സർക്കാരിന്റെ പരിഗണയിലാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കുന്നതിന് സമയം അനുവദിച്ചതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് മടങ്ങുകയും പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും തുടർന്ന് സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## (3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി

ഡോ. എം. കെ. മുനീർ: വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകളിൽനിന്ന് മാലിന്യരഹിത വ്യാപാരസ്ഥാപനങ്ങൾ ഹരിതകർമ്മസേനയ്ക്ക് യൂസർഫീ അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കുന്നതോടൊപ്പം മറ്റ് മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിനും ലൈസൻസ് പുതുക്കുന്നതിന് സെപ്റ്റംബർ 30 വരെ

സമയം അനുവദിക്കുന്നതിനും കെ-സ്മാർട്ട്-ലെ അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): യൂസർ ഫീ കൊടുക്കാൻ ചട്ടപ്രകാരം എല്ലാ മാലിന്യ ഉൽപാദകരും ബാധ്യസ്ഥരും അതിൽ വീഴ്ചവരുത്തുന്നവർക്ക് സേവനം നിഷേധിക്കാൻ സെക്രട്ടറിമാർക്ക് അധികാരവുമുള്ളതാണ്. ലൈസൻസ് ലഭിക്കുന്നതിന് കുടിശ്ശികയുള്ള കെട്ടിട/വസ്തു/തൊഴിൽ നികുതികൾ അടയ്ക്കണമെന്നത് നിയമത്തിലെ വ്യവസ്ഥയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡിജിറ്റൈസേഷൻ പൂർത്തിയാകാത്തിടത്താണ് നിലവിൽ പ്രശ്നങ്ങളുള്ളത്. ലൈസൻസ് പുതുക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്ന കാര്യത്തിൽ പ്രായോഗികമായി എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.

(4) പള്ളം ആശാ കേന്ദ്ര സ്പെഷ്യൽ സ്കൂളിനാവശ്യമായ സ്പെഷ്യൽ പാക്കേജ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം നിയോജകമണ്ഡലത്തിലെ പള്ളം ആശാ കേന്ദ്ര സ്പെഷ്യൽ സ്കൂളിനുള്ള സ്പെഷ്യൽ പാക്കേജ് മാനദണ്ഡങ്ങളിൽ ഇളവുവരുത്തി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 18 വയസ്സിൽതാഴെ പ്രായമുള്ള 20 കുട്ടികളെങ്കിലും പഠിക്കുന്ന നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങളുള്ള സ്പെഷ്യൽ സ്കൂളുകൾക്കാണ് ഭിന്നശേഷി അവകാശ നിയമപ്രകാരം രജിസ്ട്രേഷനും സ്പെഷ്യൽ പാക്കേജ് പ്രകാരമുള്ള ധനസഹായവും അനുവദിക്കുന്നത്. പ്രസ്തുത നിബന്ധന ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതുസംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പള്ളം ആശാ കേന്ദ്രത്തിന്റെ കാര്യമുൾപ്പെടെ പരിശോധിക്കുന്നതാണ്.

## (5) ആലുവ-കാരോത്തുംകുഴി ആശുപത്രി കവല മുതൽ മാർക്കറ്റ് വരെ റോഡ് വീതികൂട്ടൽ

ശ്രീ. അൻവർ സാദത്ത്: ആലുവ ടൗണിലെ ഗതാഗതക്കുരുക്ക് ശാശ്വതമായി പരിഹരിക്കുന്നതിനായി ആലുവ മാർക്കറ്റ് റോഡ് വീതി കൂട്ടുന്നതിനാവശ്യമായ തുക അനുവദിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ആലുവ മാർക്കറ്റ് റോഡ് 12 മീറ്റർ വീതിയിൽ വികസിപ്പിക്കാനുള്ള നിർദ്ദേശം വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ

ഏകദേശം പത്ത് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രവൃത്തി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി സാധ്യമാക്കാനാകുമോയെന്ന് പരിശോധിക്കുന്നതാണ്.

(6) നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് നിർമ്മാണം

ശ്രീ. ജി. സ്റ്റീഫൻ: അരുവിക്കര നിയോജകമണ്ഡലത്തിലെ നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡിന്റെ പണി അടിയന്തരമായി പൂർത്തീകരിക്കാനും അരുവിക്കര ഡാമിനോട് ചേർന്നുള്ള പാലത്തിന്റെ വീതി കൂട്ടാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് 10 മീറ്റർ വീതിയിലും 12 മീറ്റർ വീതിയിലുമുള്ള രണ്ട് റീച്ചുകളായാണ് നവീകരിക്കുന്നത്. സാമൂഹികാഘാത പഠന റിപ്പോർട്ടിന് വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്. നെടുമങ്ങാട് മുതൽ അരുവിക്കര ഡാം വരെയുള്ള ഭാഗം ബി.എം.&ബി.സി. നിലവാരത്തിലും അരുവിക്കര ഡാം മുതൽ കുളക്കോട്ടുവരെയുള്ള ഭാഗം എഫ്.ഡി.ആർ. സാങ്കേതികവിദ്യയിലുമാണ് നവീകരിക്കുന്നത്. എഫ്.ഡി.ആർ. പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് കരാർ

കമ്പനിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. കരാർ കമ്പനിയെ ഉപയോഗപ്പെടുത്തി റോഡിന്റെ റെക്ടിഫിക്കേഷൻ പ്രവൃത്തി നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(7) പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം വേഗത്തിലാക്കുന്നതിനായി റെയിൽവേ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായി യോഗം ചേർന്ന് ജി.എ.ഡി. എത്രയുംവേഗം പാസ്സാക്കിയെടുക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പദ്ധതിരേഖ അംഗീകരിക്കുകയും 36.75 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർക്ക് പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയതിനെത്തുടർന്ന് സമർപ്പിച്ച ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് എസ്.വി. ലോഡിംഗിനനുസൃതമായ ഡിസൈൻ പ്രകാരം പുതുക്കാനും മേൽപ്പാലത്തിന്റെ ഡിസൈനിൽ മാറ്റം വരുത്താനും റെയിൽവേ ആവശ്യപ്പെട്ടു. എസ്.വി. ലോഡിംഗ് പ്രകാരമുള്ള അംഗീകൃത ഡ്രോയിംഗ്

നിലവിൽ ലഭ്യമല്ലെന്ന വിവരം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നിബന്ധനകൾക്ക് വിധേയമായി ജി.എ.ഡി.-കൾ അംഗീകരിക്കാമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(8) കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീമതി യു. പ്രതിഭ: കായംകുളം നിയോജകമണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം എത്രയുംവേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 36.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുകയും പദ്ധതിക്കാവശ്യമുള്ള ഭൂമി ഏറ്റെടുത്ത് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ചെലവ് ചുരുക്കാനും ഘട്ടംഘട്ടമായി നടപ്പാക്കാനുമുള്ള സാധ്യതകൾ പരിശോധിക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ലെന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പദ്ധതി പൂർത്തീകരണത്തിന് ആവശ്യമാണെന്നും ടെണ്ടർ നടപടികൾക്ക് അനുവാദം നൽകണമെന്നും എസ്.പി.വി. ആയ ആർ.ബി.ഡി.സി.കെ. കിഫ്ബിയെ അറിയിച്ചിരുന്നു. ട്രാഫിക് സർവ്വേയുടെ ഭാഗമായി ആക്സിലോഡ് സർവ്വേ

നടത്താൻ കിഫ്ബി ആവശ്യപ്പെട്ടെങ്കിലും അത് പദ്ധതി ആരംഭിക്കുന്നതിന് കാലതാമസമുണ്ടാക്കുമെന്നും കിഫ്ബി അംഗീകരിച്ച വിശദമായ പദ്ധതിരേഖപ്രകാരമാണ് ട്രാഫിക് കണക്കാക്കിയിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. കിഫ്ബി ആവശ്യപ്പെട്ട മാറ്റങ്ങൾ ആർ.ബി.ഡി.സി.കെ. പരിശോധിച്ചുവരികയാണ്. കിഫ്ബിയുമായി ചർച്ച ചെയ്ത് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരും ഇതരവിഭാഗം ജീവനക്കാരുമുൾപ്പെടെ 62 പേരുടെ സേവനം ലഭ്യമാക്കുകയും മൂന്ന് തസ്തികകൾ അധികമായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട്

33.43 ലക്ഷം രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ പേവാർഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം താലൂക്കുതല ആശുപത്രികളിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്; അതിൽ കുറവിലങ്ങാട് ആശുപത്രിയും ഉൾപ്പെടുന്നതാണ്.

10. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. എം. വിജിൻ: കാത്ത് ലാബ്, ലിനാക് മെഷീൻ, ട്രോമാകെയർ യൂണിറ്റ് എന്നിവ അടിയന്തരമായി സ്ഥാപിച്ചും ജീവനക്കാരുടെ ആഗിരണ പ്രക്രിയകൾ പൂർത്തിയാക്കിയും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചും കണ്ണൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കണ്ണൂർ മെഡിക്കൽ കോളേജിലെ 147 അധ്യാപക തസ്തികകളിലേയ്ക്കുള്ള ആഗിരണ പ്രക്രിയ നടപടികൾ പൂർത്തിയാക്കി പി.എസ്.സി.-യുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. 22 നോൺ മെഡിക്കൽ അധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ

ധനവകുപ്പിന്റെ അന്തിമാനുമതി ലഭ്യമാകുന്ന ഘട്ടത്തിലാണ്. കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ലിനാക് മെഷീൻ വേണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. ട്രോമാകെയർ യൂണിറ്റ് നിർമ്മാണത്തിനായി 124 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. 15 പുതിയ പി.ജി. സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിച്ചു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 47 മുതൽ 51 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 13-ാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI ക്രമപ്രശ്നം

മന്ത്രിയുടെ പരാമർശം സംബന്ധിച്ച്

ശ്രീ. ടി. വി. ഇബ്രാഹിം: 24-06-2024-ന് ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി മറുപടി നൽകിയവേളയിൽ പ്രതിപക്ഷത്ത് നിന്നുള്ള ഒരംഗവും പ്രസ്തുത വിഷയം സംബന്ധിച്ച് നക്ഷത്രചിഹ്നമിടാത്ത ചോദ്യം പോലും ചോദിച്ചിട്ടില്ലെന്ന് പറയുകയുണ്ടായി. എന്നാൽ പതിനഞ്ചാം കേരള നിയമസഭയുടെ 9, 10 സമ്മേളനങ്ങളിൽ ഇതുസംബന്ധിച്ച് നക്ഷത്രചിഹ്നമിടാത്ത നിരവധി ചോദ്യങ്ങൾ സഭയിൽ ഉന്നയിച്ചിട്ടുള്ളതായി സഭാരേഖകളിലുണ്ട്. തികച്ചും അവാസ്തവമായ കാര്യം സഭയിൽ പറഞ്ഞത് പ്രതിപക്ഷത്തോടുള്ള അവഗണനയാണ്. അതുകൊണ്ട് സഭാരേഖയിൽ ആവശ്യമായ തിരുത്തൽ വരുത്തണമെന്ന് താൽപ്പര്യപ്പെടുന്നു.

തദ്ദേശസ്വയംഭരണം-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കഴിഞ്ഞ ദിവസം ശ്രീ. യു. എ. ലത്തീഫിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞ ഘട്ടത്തിൽ ഭവനനിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് വർദ്ധനയുമായി ബന്ധപ്പെട്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമോ ശ്രദ്ധക്ഷണിക്കലോ സബ്മിഷനോ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളോ ഇതുവരെ ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ചിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. അത് നക്ഷത്രചിഹ്നമിട്ട ചോദ്യം എന്ന് സഭാരേഖയിൽ തിരുത്തി നൽകിയിട്ടുണ്ട്.

## VII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2023 ഡിസംബർ 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 318/2023/ആർ.ഡി (എസ്.ആർ.ഒ. നമ്പർ 1371/2023) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2023-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ചട്ടങ്ങൾക്കുള്ള ഭേദഗതിയുടെ പരിഗണന.

ഡോ. എൻ. ജയരാജ്: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. ചട്ടം 3(1)-ൽ "രണ്ട് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾക്ക് പകരം "പന്ത്രണ്ട് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

2. ചട്ടം 4(1)(ഡി)-യിൽ "ജന്മിയുടെ അവകാശികൾക്ക്" എന്നീ വാക്കുകൾക്ക് പകരം "ജന്മിയുടെ നിയമാനുസൃത അവകാശികൾക്ക്" എന്നീ വാക്കുകൾ ചേർക്കുക.

3. ചട്ടം 5-ൽ

(i) " 3-ാം ഉപവകുപ്പ്" എന്നീ അക്കത്തിനും വാക്കിനും പകരം "(3)-ാം ഉപവകുപ്പ്" എന്നീ അക്കവും വാക്കും ചിഹ്നവും ചേർക്കുക.

(ii) " പൂർണ്ണമായും നഷ്ടപരിഹാരത്തുകയ്ക്ക് അർഹതയില്ലെങ്കിലോ" എന്നീ വാക്കുകൾക്ക് പകരം "പൂർണ്ണമായും അവകാശം ഇല്ലാത്ത ഉടമസ്ഥനോ ആണെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

(iii) " ട്രസ്റ്റിന്റെ" എന്ന വാക്കിന് പകരം "ട്രസ്റ്റിന്റെയോ എൻഡോവ്മെന്റിന്റെയോ" എന്നീ വാക്കുകൾ ചേർക്കുക.

4. ചട്ടം 6(1)-ൽ

(i) " നഷ്ടപരിഹാരപ്പട്ടിക തയ്യാറാക്കിയ ശേഷം" എന്നീ വാക്കുകൾക്ക് പകരം "നഷ്ടപരിഹാരപ്പട്ടികയും അനുബന്ധം III-ലെ ഫാറം നമ്പർ 3 പ്രകാരമുള്ള നോട്ടീസും" എന്നീ വാക്കുകളും അക്കവും ചേർക്കുക.

(ii) “ നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുന്ന” എന്നീ വാക്കുകൾക്ക് ശേഷം "സ്ഥലത്തും” എന്ന വാക്ക് ചേർക്കുക.

5. ചട്ടം (7)-ൽ ആക്റ്റിലെ വകുപ്പ് 15(2)(സി) പ്രകാരമുള്ള അപ്പീലിന് കൊടുക്കേണ്ട ഫീസ് സംബന്ധിച്ച് ചട്ടത്തിൽ പരാമർശിച്ചിട്ടില്ല.

6. ചട്ടം 8-ൽ

(i) "ചട്ടം 5 പ്രകാരമുള്ള " എന്നീ വാക്കുകളും അക്കവും ഒഴിവാക്കുക.

(ii) “ ആക്ടിലെ” എന്ന വാക്കിന് പകരം "ആക്റ്റ്” എന്ന വാക്ക് ചേർക്കുക.

(iii) “ 8-ാം വകുപ്പ് (എ) ഉപവകുപ്പ്” എന്നീ അക്കത്തിനും വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം "8-ാം വകുപ്പ് (1)-ാം ഉപവകുപ്പ്” എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(iv) “ ഒരിക്കൽ മാത്രം” എന്നീ വാക്കുകൾ ഒഴിവാക്കുക.

7. അനുബന്ധം 1-ലെ ഫാറം നമ്പർ 1-ലെ "നഷ്ടപരിഹാര തുക" എന്ന കോളം -11 ഒഴിവാക്കുക.

8. അനുബന്ധം III-ലെ ഫാറം നമ്പർ 3-ൽ

(i) " നഷ്ടപരിഹാരപ്പട്ടികയോടൊപ്പം ചേർക്കേണ്ട നോട്ടീസ്" എന്ന ശീർഷകത്തിനുപകരം "കരട് നഷ്ടപരിഹാരപ്പട്ടികയോടൊപ്പം ചേർക്കേണ്ട നോട്ടീസ്" എന്ന ശീർഷകം ചേർക്കുക.

(ii) " (നഷ്ടപരിഹാരപ്പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു)" എന്നതിന് പകരം "(കരട് നഷ്ടപരിഹാരപ്പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു)" എന്ന് ചേർക്കുക.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിക്കുന്നു.

ചട്ടം 3 (1), ചട്ടം 4(1)(ഡി), ചട്ടം 5-ൽ (i), (iii), ചട്ടം 6-ൽ (i), (ii), ചട്ടം 8-ൽ (ii), (iii), (iv), അനുബന്ധം III-ലെ ഫാറം നമ്പർ 3-ൽ (i), (ii) എന്നീ ഭേദഗതികൾ അംഗീകരിക്കുന്നു. ചട്ടം 5-ലെ 3 (ii) താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

(ii) " പൂർണ്ണമായും നഷ്ടപരിഹാരത്തുകയ്ക്ക് അർഹതയില്ലെങ്കിലോ" എന്നീ വാക്കുകൾക്ക് പകരം "പൂർണ്ണമായും അവകാശം ഇല്ലാത്ത ഉടമസ്ഥനോ അല്ലെങ്കിൽ നിയമപരമായി അവശത അനുഭവിക്കുന്ന ആളോ ആണെങ്കിൽ" എന്ന് ഭേദഗതി ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

## VIII റൂളിംഗ്

### പിശകുകൾ ഒഴിവാക്കേണ്ടത് സംബന്ധിച്ച്

മി. സ്പീക്കർ: 2023-ലെ അർത്ഥപലിശയും ജന്മി ഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ചട്ടങ്ങളിന്മേൽ സഭ അംഗീകരിച്ച മിക്ക ഭേദഗതികളും ഡ്രാഫ്റ്റിംഗ് തലത്തിൽ കടന്നുകൂടിയ പിശകുകളായതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളിൽ കടന്നുകൂടുന്ന പിശകുകൾ തിരുത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വംകൂടി സഭാതലത്തിൽ ഏറ്റെടുക്കുന്നത് സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടാനിടയാക്കുന്നതാണ്. ഇന്ന് സഭ അംഗീകരിച്ച ഭേദഗതികൾ നിയമാനുസൃതം പ്രസിദ്ധീകരിക്കാൻ ചട്ടം 168 പ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## IX ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ
(1,50,65,75,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം
(11,83,26,20,000 രൂപ)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം
(4,46,02,72,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ സംഭാവന നൽകുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിലും സാമൂഹ്യ പരിരക്ഷ ഉറപ്പാക്കുന്നതിലും സർക്കാർ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. 'പുനർഗേഹം', 'വിദ്യാതീരം' പദ്ധതികൾ ആവിഷ്കരിച്ചതും തീരദേശമേഖലയിലെ സ്കൂളുകൾ ഹൈടെക് നിലവാരത്തിലാക്കിയതും ശ്ലാഘനീയമാണ്. കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകൾ അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം. 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയിലൂടെ പ്രതിവർഷം 80 ലക്ഷം മെട്രിക് ടൺ മാലിന്യങ്ങൾ കടൽത്തീരങ്ങളിൽനിന്നും നീക്കം ചെയ്യുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിനും ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. കാസർഗോഡ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടത്തിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനും അവിടെ പുതിയ ബസ് സർവ്വീസുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന വലിയൊരു ജനവിഭാഗം ഉൾക്കൊള്ളുന്ന മത്സ്യത്തൊഴിലാളി മേഖല കടുത്ത പ്രതിസന്ധിയിലാണ്. കാലാവസ്ഥ വ്യതിയാനം, മത്സ്യലഭ്യതക്കുറവ്, കടൽക്ഷോഭം, ട്രോളിംഗ് നിരോധനം എന്നിവയാൽ മത്സ്യത്തൊഴിലാളി മേഖല പ്രതിസന്ധി നേരിടുകയാണ്. സ്ഥിര വരുമാനവും തൊഴിലും വായ്പയ്ക്കായി പൊതുമേഖല ബാങ്കുകളെ ആശ്രയിക്കാനുള്ള ആസ്തിയുമില്ലാത്തതിനാൽ അവർ വട്ടിപ്പലിശക്കാരുടെ സാമ്പത്തിക ചൂഷണത്തിന് വിധേയരാകുകയാണ്. കടലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കായി പുനർഗേഹം പദ്ധതി നടപ്പാക്കണം. സംസ്ഥാനത്ത് മണ്ണെണ്ണയുടെയും ഡീസലിന്റെയും വില

വർദ്ധിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുന്നതിനോ സി.എൻ.ജി.-യിലേയ്ക്കോ ഡീസലിലേയ്ക്കോ യാനങ്ങൾ മാറ്റുന്നതിനോ ഉള്ള നടപടി സ്വീകരിക്കണം. ബോട്ടുകളിലൂടെയുള്ള മത്സ്യബന്ധനത്തിനുള്ള പെർമിറ്റ് ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. പെരിയാറിൽ രാസമാലിന്യം കലർന്ന് മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാലോചിതവും മികവുറ്റതുമായ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തും അടിസ്ഥാനസൗകര്യവും ഉല്പാദനവും വർദ്ധിപ്പിച്ചും തീരദേശമേഖലയുടെ സമഗ്ര വികസനത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. വിദ്യാതീരം പദ്ധതിയും അഭ്യസ്തവിദ്യരായ യുവതിയുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കാനുള്ള പദ്ധതികളും സർക്കാർ ഏറ്റെടുത്ത് നടത്തുന്നുണ്ട്. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ബ്ലൂ ഇക്കോണമി പദ്ധതിയിൽ മത്സ്യബന്ധനമേഖലയ്ക്ക് അനുകൂലമായ ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. കടലിലെ ധാതുഖനനം, ആഴക്കടൽ മത്സ്യസമ്പത്തിന്റെ ചൂഷണം, കടൽ മത്സ്യകൃഷി, ജൈവ-അജൈവ സമ്പത്തിന്റെ പൂർണ്ണ നിയന്ത്രണം എന്നീ മേഖലകളിൽ വിദേശ കുത്തകകൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നതിനാൽ

മത്സ്യത്തൊഴിലാളികളുടെ തൊഴിൽ/ഉപജീവനസുരക്ഷ നഷ്ടപ്പെടുകയാണ്. ഓരോ നിയോജകമണ്ഡലത്തിലെയും ജനപ്രതിനിധികളുമായി ചേർന്ന് നടപ്പിലാക്കിയ 'തീരസദസ്സ്' എന്ന പരിപാടിയിലൂടെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. കൂട്ടമത്സ്യകൃഷി കടലിലേയ്ക്ക് വ്യാപിപ്പിക്കുന്നതുസംബന്ധിച്ച് പരിശോധിക്കണം. കടലാക്രമണം രൂക്ഷമായ കടൽത്തീരങ്ങളിൽ കടൽഭിത്തി, ടെട്രാപോഡ് എന്നിവ നിർമ്മിക്കുന്നതിനും കയ്പമംഗലത്തെ മിനിഹാർബർ നിർമ്മാണം വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം. വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കൺസഷൻ കാർഡിൽ നിജപ്പെടുത്തിട്ടുള്ള ദൂരപരിധിയിലധികം യാത്ര ചെയ്താൽ തുക പൂർണ്ണമായി നൽകണമെന്ന നിബന്ധന മാറ്റി അധികമായി യാത്രചെയ്യുന്ന ദൂരത്തിനുമാത്രം തുക ഈടാക്കുന്നതിനും എറണാകുളം-കുറ്റിപ്പുറം തീരദേശ റെയിൽപ്പാത യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. പി. എ. മജീദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽ തീരദേശ മേഖലയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനും തുക കൃത്യമായി വിനിയോഗിക്കുന്നുവെന്ന്

ഉറപ്പുവരുത്തുന്നതിനും ഇവരുടെ ക്ഷേമത്തിനും തൊഴിൽഭദ്രതയ്ക്കുംവേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മത്സ്യകൃഷിയിൽ ആധുനികസാങ്കേതിക വിദ്യകളുപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തീരദേശ ഹൈവേ പദ്ധതി യാഥാർത്ഥ്യമാക്കണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കണം. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കുകയും കുടിശ്ശിക തീർപ്പാക്കുകയും വേണം. മറൈൻ ഫിഷറീസ് ആക്ട് ഭേദഗതി ചെയ്യാനുള്ള കേന്ദ്ര തീരുമാനത്തിനെതിരെ ശക്തമായ ഇടപെടലുണ്ടാകണം.

ചീഫ്വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി. യാത്രാഫ്യൂവൽസ്/ബഡ്ജറ്റ് ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പാക്കിയത് അഭിനന്ദനീയമാണ്. പൊൻകുന്നം - പാലക്കാട്, പൊൻകുന്നം - തിരുവനന്തപുരം ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനും പൊൻകുന്നം ഡിപ്പോയിലെ മെക്കാനിക്, ക്ലീനിംഗ് വിഭാഗങ്ങളിൽ മതിയായ സ്റ്റാഫിനെ നിയമിക്കുന്നതിനും പുകപരിശോധനാകേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. ഡ്രൈവിംഗ് ലൈസൻസുമായി

ബന്ധപ്പെട്ട് സ്വീകരിച്ച നിലപാടുകൾ സ്വാഗതാർഹമാണ്. സീസൺ ടിക്കറ്റ്/ട്രാവൽകാർഡ് സംവിധാനം നടപ്പാക്കുന്നതോടൊപ്പം എ.ടി.എം. കാർഡ് സ്വീകരിക്കുന്നവിധത്തിൽ വൈഫൈ സംവിധാനത്തോടുകൂടിയ ടിക്കറ്റ് മെഷീനുകൾ വ്യാപകമാക്കുന്നതിനും ഹയർ സെക്കണ്ടറിതലം മുതൽ ഡ്രൈവിംഗ് സംസ്കാരം പഠിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പടയണിയുടെയും തെയ്യത്തിന്റെയും സമയത്ത് കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ ബസ് അനുവദിച്ച് പൊതുഗതാഗതരംഗത്ത് കൾച്ചറൽ എക്സ്ചേഞ്ചിന്റെ സാധ്യതകൂടി പ്രയോജനപ്പെടുത്തണം. 'ഫിഷറീസ്' എന്ന പദത്തിന് കൃത്യമായൊരു മലയാളം പദം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയിൽ ദീർഘവീക്ഷണത്തോടുകൂടിയ സമീപനം സ്വീകരിച്ചുകൊണ്ട് ഈ മേഖലയെ ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. വടകര മേഖലയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് സ്ഥാപിക്കുന്നതിനും തൊട്ടിൽപ്പാലത്തെ ഓപ്പറേറ്റിംഗ് സെന്ററിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ നടപടി

സ്വീകരിക്കണം. ഗ്രാമീണ മേഖലയിൽ മിനി ബസ് സർവ്വീസുകളും ബാംഗ്ലൂർ, മൈസൂർ ദീർഘദൂര സർവ്വീസുകൾക്ക് കുറ്റ്യാടി ചുരം വഴി കൂടുതൽ ബസ്സുകളും അനുവദിക്കണം. തീരദേശമേഖലയിലെ രൂക്ഷമായ കടലാക്രമണം തടയുന്നതിനായി സംരക്ഷണഭിത്തി നിർമ്മിക്കാനാവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കണം. ചോമ്പാല ഹാർബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തണം. പുനർഗേഹം പദ്ധതിപ്രകാരം അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ജെ. മാക്സി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശുദ്ധജല മത്സ്യ സമ്പത്തിന്റെ സംരക്ഷണം, സുസ്ഥിരവികസനം, മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങളുടെയും അവകാശ സംരക്ഷണം എന്നിവ ലക്ഷ്യമിട്ടാണ് സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തീരസദസ്സുകളിലൂടെ ലഭ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് നൽകിയതിലൂടെ തീരമേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായുള്ള സേവ് കം റിലീഫ് സ്കീമിനും ഉൾനാടൻ

മത്സ്യബന്ധനമേഖലയുടെ വികസനത്തിനും മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിനും മത്സ്യഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാർ തുക വകയിരുത്തിയിട്ടുണ്ട്. സമ്പാദ്യ സമാശ്വാസം, ഓഖി പുനരധിവാസം, പുനർഗേഹം, ഗ്രൂപ്പ് ഇൻഷ്വറൻസ്, വിദ്യാഭ്യാസ-വിവാഹ ധനസഹായം ഉൾപ്പെടെ 52 പദ്ധതികൾ സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ പീലിംഗ്, യന്ത്രവൽകൃത യാനങ്ങളിലെ തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്ക് നൽകിവരുന്ന ധനസഹായം എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനും ടി കാലയളവിൽ റേഷനും ദുരിതാശ്വാസ സഹായങ്ങളും ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യബന്ധനമേഖലയിലെ വിദ്യാർത്ഥികൾക്കായി വിദ്യാതീരം പദ്ധതി, വിവിധ എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ എന്നിവ സൗജന്യമായി നൽകിയ സർക്കാരിനെ അഭിനന്ദിക്കുന്നു. പുനർഗേഹം പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള ദൂരപരിധി 100 മീറ്റർ ആക്കി മാറ്റാൻ കഴിയുമോയെന്ന് പരിശോധിക്കണം. സമ്പാദ്യ സമാശ്വാസ

പദ്ധതിപ്രകാരമുള്ള തുക കണ്ടെത്തി നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. അതിദരിദ്രരെ കണ്ടെത്തി മുഖ്യധാരയിലെത്തിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന വകുപ്പിന്റെയും വകുപ്പുമന്ത്രിയുടെയും പ്രവർത്തനം അഭിനന്ദനാർഹമാണ്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാനും ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളുമായി ഗതാഗത വകുപ്പ് മുന്നോട്ടുപോകുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിൽ നൂതന കോഴ്സുകൾ ആരംഭിച്ച് പഠന നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. ബസ് സ്റ്റേഷനുകൾ നവീകരിച്ചും റൂട്ടുകൾ ക്രമീകരിച്ചും കെ.എസ്.ആർ.ടി.സി. മാതൃകാപരമായി മുന്നോട്ടുപോകുകയാണ്.

ശ്രീമതി ഉമ തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാനായി പ്രത്യേക പാക്കേജ് നടപ്പാക്കണം. ഡ്രൈവിംഗ് സ്കൂൾ ഉടമകളും ജീവനക്കാരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും തപാലിലൂടെ അയയ്ക്കുന്ന ഡ്രൈവിംഗ് ലൈസൻസും

ആർ.സി. ബുക്കും ഉടമസ്ഥർ കൈപ്പറ്റാതെ വരുമ്പോൾ അതത് സ്ഥലത്തെ ആർ.ടി. ഓഫീസുകളിൽ സൂക്ഷിക്കാനും ആർ.സി. ബുക്കിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. തൃക്കാക്കര മണ്ഡലത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടിയുണ്ടാകണം. ഇരുതിയൂർ, ആറാട്ടുകടവ് എന്നീ ബോട്ടുജെട്ടികളിൽ വാട്ടർ മെട്രോയ്ക്കും ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾക്കും സ്റ്റോപ്പ് അനുവദിക്കണം. തൃക്കാക്കര നിയോജകമണ്ഡലത്തിലെ നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ഇടുക്കി ജില്ലയിൽ ഉപ്പുതോട് നിവാസികൾക്കായി സർവ്വീസ് നടത്തിയിരുന്ന ബസ് സർവ്വീസുകളും പുനരാരംഭിക്കണം. ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകാനും കടലാക്രമണം തടയുന്നത് സംബന്ധിച്ച് പഠനം നടത്തി ശാശ്വതപരിഹാരം കാണാനും നടപടി സ്വീകരിക്കണം. എസ്.സി.പി./ടി.എസ്.പി. മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്കായി പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം മാറ്റിവയ്ക്കണം.

<u>ശ്രീ. വി. കെ. പ്രശാന്ത്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വാഹന നികുതി വരുമാനം ഉയർത്താൻ സ്വീകരിക്കുന്ന നടപടികൾ

അഭിനന്ദനാർഹമാണ്. എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കണം. ഗ്രേഡ് എസ്.ഐ.-മാർക്ക് വാഹന പരിശോധന നടത്താനുള്ള അനുവാദം പിൻവലിച്ച നടപടി പുനഃപരിശോധിക്കണം. കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി സർക്കാർ നടത്തിയ ഇടപെടൽ സ്വാഗതാർഹമാണ്. തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും നഗരസൗന്ദര്യത്തെ ബാധിക്കാത്ത രീതിയിൽ ഭൂഗർഭപാത നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. സി.എൻ.ജി. പമ്പുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണം. മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. തിരുവനന്തപുരം കൊച്ചുവേളി പ്രദേശത്തെ പ്രത്യേക ട്രാൻസ്പോർട്ട് ഹബ്ബാക്കി മാറ്റുന്നതിനും ടോൾപിരിവ് നടത്തുന്ന കേന്ദ്രങ്ങളിലെ റോഡുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനും ഇടപെടൽ നടത്തണം. സ്കൂൾ വാഹനങ്ങളിൽ പരിധിയിലധികം കുട്ടികളെ കയറ്റുന്നത് നിയന്ത്രിക്കുന്നതിനും വാഹനങ്ങളുടെ ഫിറ്റ്നസ് ഉൾപ്പെടെ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം. ഡ്രൈവിംഗ് ടെസ്റ്റുമായി ബന്ധപ്പെട്ട് വിവിധ സംഘടനകൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിശോധിക്കണം.

<u>ശ്രീ. എം. എസ്. അരുൺകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യോല്പാദനവും സമുദ്രോല്പന്ന കയറ്റുമതിയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുനർഗേഹം, വിദ്യാതീരം, സാഫ്, സമൃദ്ധ എന്നീ പദ്ധതികൾ നടപ്പിലാക്കിയതും 'തീരസദസ്സ്' സംഘടിപ്പിച്ചതും മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസച്ചെലവ് ഏറ്റെടുത്തതും സർക്കാരിന്റെ ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുക അനുവദിച്ചതും തീരദേശ റോഡുകൾ പുനരുദ്ധരിച്ചതും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതും വനിതാ മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കാനായതും ജില്ലകളിൽ ഫിഷറീസ് ആൻഡ് ഓഷ്യൻ നോളഡ്ജ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. ടെട്രാപോഡ് നിർമ്മിച്ച് ചെല്ലാനം കടൽത്തീരത്തെ സുരക്ഷിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാൻ കഴിഞ്ഞതും മാവേലിക്കരയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിംഗ് സ്കൂൾ, പരിശീലന കേന്ദ്രം എന്നിവ ആരംഭിക്കാൻ കഴിഞ്ഞതും ശ്ലാഘനീയമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ

പഠനസൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. മാവേലിക്കര മണ്ഡലത്തിലെ ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. എം. മണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കക്ഷി രാഷ്ട്രീയ-മത ഭേദമന്യേ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. രാജ്യത്തിന്റെ ഭരണഘടനാ മൂല്യങ്ങളും ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കുന്നതിനും വർഗ്ഗീയശക്തികളെ നിരുത്സാഹപ്പെടുത്തുന്നതിനും കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. സംസ്ഥാനത്ത് നടപ്പിലാക്കിയ ജനക്ഷേമ പ്രവർത്തനങ്ങൾ കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരണത്തുടർച്ച നേടിയത്.

ശ്രീ. ആന്റണി രാജു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തീരദേശത്ത് സമാനതകളില്ലാത്ത വികസനപ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. തീരസദസ്സിലൂടെ ലഭിച്ച അപേക്ഷകളിന്മേൽ പരിഹാര നടപടി സ്വീകരിക്കാൻ സാധിച്ചു. അപകടമരണ ഇൻഷ്വറൻസ് തുക 5 ലക്ഷം രൂപയിൽനിന്ന് 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതും കാലാവസ്ഥാ വ്യതിയാനംമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി

കുടുംബങ്ങൾക്ക് ധനസഹായം നൽകിയതും മത്സ്യത്തൊഴിലാളി വനിതൾക്ക് സമുദ്ര ബസ് സർവ്വീസ് സൗജന്യമായി ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. മത്സ്യത്തൊഴിലാളികൾക്കായി 12,000 വീടുകളുടെയും 944 ഫ്ലാറ്റുകളുടെയും നിർമ്മാണപ്രവൃത്തി നടന്നുവരുന്നു. അദാലത്തിലൂടെ 153 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനികളിൽനിന്നും തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. മത്സ്യത്തൊഴിലാളികൾ കടലിൽവച്ച് ഏത് വിധേന മരണപ്പെട്ടാലും ആശ്രിതർക്ക് ഇൻഷ്വറൻസ് തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. ചെല്ലാനം മേഖലയിൽ ടെട്രാപോഡ് നിർമ്മിച്ചതും പൂത്തുറ മുതൽ ശംഖുംമുഖം വരെയുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കിയതും പൊഴിയൂർ, കണ്ണമാലി ഉൾപ്പെടെയുള്ള മേഖലകളിലെ അവശേഷിക്കുന്ന പ്രദേശത്ത് തീരദേശപരിപാലനം നടപ്പിലാക്കിയതും മാതൃകാപരമാണ്. ഓഖി, സുനാമി ദുരന്ത കാലഘട്ടങ്ങളിൽ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടത്തിയ തീരസദസ്സിൽ ലഭ്യമായ പരാതികളിന്മേൽ നാമമാത്ര നടപടി സ്വീകരിച്ചതല്ലാതെ തുടർനടപടി

ഉണ്ടായിട്ടില്ല. കടലുണ്ടിക്കടവ് അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽത്തിട്ട നീക്കം ചെയ്യുന്നതിനും കടലുണ്ടിക്കടവ് മുതൽ അരിയല്ലൂർ കടപ്പുറം വരെ കടൽ ഭിത്തി പരിപാലിക്കാനും വള്ളിക്കുന്ന് പഞ്ചായത്തിൽ കടലാക്രമണത്തിൽ തകർന്ന ടിപ്പുസുൽത്താൻ റോഡ് നവീകരിക്കാനും മുതിയം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. ആനങ്ങാടി ഫിഷ് ലാൻഡിംഗ് സെന്ററിന് സമീപത്തുള്ള ഒരേക്കർ സ്ഥലം മത്സ്യത്തൊഴിലാളികൾക്ക് ഉപകരിക്കുന്ന രീതിയിൽ നവീകരിക്കാനും ഫിഷറീസ് വകുപ്പിന്റെ ഒഴിഞ്ഞുകിടക്കുന്ന ഒരേക്കർ സ്ഥലത്ത് തൊഴിൽ നൈപുണ്യ വികസന കേന്ദ്രം ആരംഭിക്കാനും വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തിരൂർ-കടലുണ്ടി റോഡ് നവീകരിക്കാനും നടപടി സ്വീകരിക്കണം. പൊന്നാനിയിലെ കടലാക്രമണവുമായി ബന്ധപ്പെട്ട വിഷയത്തിൽ അടിയന്തരമായി ഇടപെടണം. കോഴിക്കോട് സർവ്വകലാശാല ഭാഗത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ലഹരിവിമുക്ത തീരം പദ്ധതി, തീരോന്നത പദ്ധതി, തൊഴിൽ തീരം പദ്ധതി, തീരമൈത്രി പദ്ധതി,

ജെ.എൽ.ജി. പദ്ധതി, തീരമാവേലി പദ്ധതി, സ്നേഹതീരം പദ്ധതി, സീഫുഡ് റെസ്റ്റോറന്റുകൾ തുടങ്ങിയവ നടപ്പാക്കിയത് പ്രശംസനീയമാണ്. ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, ജലവിഭവം, തീരദേശ വികസന കോർപ്പറേഷൻ തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് തീരദേശ മേഖലയിലെ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കണം.

കെ.എസ്.ആർ.ടി.സി. കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്കായി ഇന്ധന ചില്ലറ വിൽപ്പന ആരംഭിച്ചതും ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ചതും കൊറിയർ ആൻഡ് ലോജിസ്റ്റിക്സ് സംവിധാനം ഏർപ്പെടുത്തിയതും കുപ്പിവെള്ള വിതരണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി.യിൽ നൂതന സാങ്കേതികവിദ്യ നടപ്പാക്കിയതും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പ്രത്യേക സ്കീം ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസന പ്രവർത്തനങ്ങൾക്ക് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹാരം കാണണം. പൊതുമേഖലയെ സംരക്ഷിക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യം

മുൻനിർത്തി കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ മാനേജ്മെന്റ്-തൊഴിലാളി ബന്ധം ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയണം.

ശ്രീ. വി. ജോയി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലങ്ങളിൽ അധിവസിപ്പിക്കാനും സുരക്ഷിതമായ മത്സ്യബന്ധന സാഹചര്യം ഏർപ്പെടുത്താനും സാധിച്ചത് ഗവൺമെന്റിന്റെ നേട്ടമാണ്. എല്ലാ മത്സ്യത്തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ടൂറിസ്റ്റ് സെന്ററുകളിലും സീ-ഫുഡ് കഫേകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. മുതലപ്പൊഴിയിൽ അദാനിയുമായുള്ള കരാർ ഉപേക്ഷിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ഡ്രഡ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഗ്രാമ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിനായി കൂടുതൽ മിനി ബസുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാനും പൂഴിക്കരയിൽ സഞ്ചാര യോഗ്യമല്ലാത്ത റോഡ് പുനർ നിർമ്മിക്കാനുമുള്ള നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ സമാശ്വാസ

പദ്ധതി ആനുകൂല്യം ജൂലൈ മാസത്തിൽതന്നെ കൊടുത്തുതീർക്കുകയും മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയും ഭവന പുനരുദ്ധാരണ പദ്ധതിയും പുനരാരംഭിക്കുകയും വിദ്യാഭ്യാസാനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുകയും വേണം. മാസാദ്യംതന്നെ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുകയും മാരകരോഗം ബാധിച്ച ജീവനക്കാർക്ക് ആവശ്യപ്പെടുന്ന സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയും ശമ്പളത്തിൽനിന്നും പിടിക്കുന്ന എൻ.ഡി.ആർ., എൻ.പി.എസ്. വിഹിതങ്ങൾ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. കെ.എസ്.ആർ.ടി.സി.യുടെ വരവുചെലവ് കണക്ക് ധനകാര്യ വകുപ്പ് മുഖേനയോ സി.&എ.ജി. മുഖേനയോ പരിശോധിക്കണം. ടിക്കറ്റ് മെഷീനുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും ഒന്നാം തീയതി നൽകുന്നതിനുള്ള പദ്ധതി എത്രയുംവേഗം നടപ്പിലാക്കുന്നതാണ്. മദ്യപിച്ച് ഡ്യൂട്ടിക്കെത്തുന്ന കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തുടങ്ങിയതോടെ ബസ്സിടിച്ച്

മരണപ്പെടുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കാൻ കാലോചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആസ്ഥാന ഓഫീസിലെ വിവിധ സെക്ഷനുകൾ കമ്പ്യൂട്ടർവത്കരിക്കുകയും ഡിപ്പോകൾ കമ്പ്യൂട്ടർവത്കരിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയുമാണ്. ബ്രേക്ഡൗൺ സംഭവിക്കുന്ന വാഹനങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്താനും എഞ്ചിൻ റീ കണ്ടീഷനിംഗിന്റെ എണ്ണം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കുടിശ്ശികയായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ബസ് ടെർമിനലിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകിയും വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് വാട്ടർ ട്രാൻസ്പോർട്ട് നടപ്പാക്കിയും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. സെന്റേജ് ചാർജ് ഈടാക്കാതെ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ വർക്കുകളും പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്) മുഖേന നടപ്പാക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. 15 സ്ഥലങ്ങളിലായി വാഹനങ്ങളിൽ റെസ്റ്റോറന്റും മിനി സൂപ്പർ മാർക്കറ്റും ആരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ

ശൗചാലയങ്ങളുടെ നടത്തിപ്പും മെയിന്റനൻസും സുലഭ് ഏജൻസി മുഖേന നടത്തുന്നതാണ്. പുതതായി പത്ത് സൂപ്പർഫാസ്റ്റ് പ്രീമിയം ബസുകൾകൂടി വാങ്ങുന്നതാണ്. വൈദ്യുതി ചാർജ്ജ്, ഡീസലിന്റെ ഉപയോഗം എന്നിവയിൽ കുറവ് വരുത്തിക്കൊണ്ട് ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. റോഡ് സുരക്ഷ മുൻനിർത്തി മികച്ച ഡ്രൈവർമാരെ സൃഷ്ടിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ ആരംഭിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ പരാതികൾ നൽകുന്നതിനായി ടോൾ ഫ്രീ നമ്പർ ആരംഭിക്കുകയും ഡ്രൈവിംഗ് നിയമലംഘനം അറിയിക്കുന്നതിനായി പരിവാഹന്റെ ഭാഗമായുള്ള ആപ് സജ്ജമാക്കുകയും ചെയ്യുന്നതാണ്. 'നമ്മുടെ ഓഫീസ് നമ്മുടെ ശുചിത്വം' എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്കുശേഷം ഓഫീസ് വൃത്തിയാക്കുന്നതിനുള്ള ക്രമീകരണം കെ.എസ്.ആർ.ടി.സി.യിലും മോട്ടോർ വാഹന വകുപ്പിലും ഏർപ്പെടുത്തിയിട്ടുണ്ട്. ടോയ്‌ലറ്റുകളും റെസ്റ്റോറന്റുകളും ശരിയായ രീതിയിൽ മെയിന്റയിൻ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യിൽ ഹൗസ് കീപ്പിംഗ് വിംഗ് ആരംഭിക്കാനും ദീർഘദൂര സർവ്വീസുകൾക്ക് പുഷ് ബാക്ക് സീറ്റുകളുള്ള എ.സി. ബസുകളും ഗ്രാമപ്രദേശങ്ങളിൽ ചെറിയ ബസുകളും സർവ്വീസ് നടത്താനും

ഉദ്ദേശിക്കുന്നുണ്ട്. വാഹനങ്ങളുടെ സ്ക്രാപിംഗ് പോളിസി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. റോഡപകടത്തിൽപ്പെടുന്നവർക്ക് 48 മണിക്കൂറിനുള്ളിൽ ലഭ്യമാക്കേണ്ട ചികിത്സ സൗജന്യമാക്കുന്നത് സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിവരികയാണ്. എം.എൽ.എ. മാരുടെ സഹകരണത്തോടെ ഗ്രാമപ്രദേശങ്ങളിൽ റൂട്ട് ഫോർമുലേഷൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ശിക്ഷാ നടപടികളുടെ ഭാഗമായി റദ്ദ് ചെയ്ത ലൈസൻസ് പുനഃസ്ഥാപിച്ച് നൽകണമെങ്കിൽ ഐ.ഡി.ടി.ആർ.-ന്റെ ട്രെയിനിംഗിൽ പങ്കെടുക്കണമെന്ന നിബന്ധന നടപ്പാക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും സാമൂഹ്യ പുരോഗതിയും ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. മത്സ്യമേഖലയിലെ ആഭ്യന്തര ഉല്പാദനത്തിലും മത്സ്യകൃഷിയിലും വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2016 മുതൽ 2023 വരെയുള്ള കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കായി 20247 ഭവനങ്ങൾ നിർമ്മിച്ചുനൽകാൻ സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ

48.02 കോടി രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുകയും ബഡ്ജറ്റിൽ 36.78 കോടി രൂപ ഇതിനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പ്ലൈവുഡ് യാനങ്ങൾക്ക് പകരമായി എഫ്.ആർ.പി. യാനങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 90 ശതമാനം തുക സർക്കാർ വഹിക്കുകയും ചെയ്യുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം നൽകുന്ന വിദ്യാതീരം പദ്ധതി വിജയകരമായി നടപ്പിലാക്കാനും തീരദേശമേഖലയിലെ സ്കൂളുകളെ ഉന്നതനിലവാരത്തിലേയ്ക്ക് ഉയർത്താനും സാധിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ നേതൃത്വത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫിഷ് മാർട്ടുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തീരദേശത്തെ എല്ലാ ആരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും മത്സ്യത്തൊഴിലാളികൾക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കും മാരക രോഗങ്ങൾക്ക് തുടർ ചികിത്സ നൽകുന്ന സാന്ത്വനതീരം പദ്ധതി നടപ്പിലാക്കുകയും തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി

30 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിദിനം 200 രൂപ സർക്കാർ സഹായം നൽകുന്നുണ്ട്. സാഫ്, സമ്പാദ്യ സമാശ്വാസ പദ്ധതി, സമുദ്ര ബസ് എന്നിവ വിജയകരമായി നടപ്പിലാക്കുകയും മത്സ്യത്തൊഴിലാളിക്കായി 'തൊഴിൽ തീരം' പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ എഞ്ചിൻ പെട്രോൾ/ഡീസൽ/എൽ.പി.ജി. എന്നിവയിലേക്ക് മാറ്റുന്നതിനുള്ള ധനസഹായം നൽകുന്നുണ്ട്. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ശുചിത്വസാഗരം സുന്ദര തീരം പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി തീരക്കടലിൽ കൃത്രിമ പാര് നിക്ഷേപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ മണ്ഡലങ്ങളിലും സീ-ഫുഡ് കഫേ ആരംഭിക്കുന്നതാണ്. പൊന്നാനിയിൽ കടൽക്ഷോഭം നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ മാറ്റിപാർപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചോമ്പാൽ ഹാർബർ നവീകരണത്തിനായി 11 കോടി രൂപയുടെ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിക്കുന്നതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളിൽ കാലാനുസൃതമായ പുരോഗതി കൈവരിക്കാനും തീരദേശ

വികസന കോർപ്പറേഷനെ ലാഭത്തിലാക്കാനും സാധിച്ചിട്ടുണ്ട്. മുതലപ്പൊഴിയിൽ അദാനി ഗ്രൂപ്പ് സമയബന്ധിതമായി ഡ്രെഡ്ജിംഗ് പൂർത്തീകരിച്ചില്ലെങ്കിൽ ടി പ്രവൃത്തി ഫിഷറീസ് വകുപ്പ് ഏറ്റെടുക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും 30-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.44-ന് പിരിഞ്ഞു.

----------------